**റൂളിംഗ്**

<u>മി. സ്പീക്കർ:</u> ശ്രീ. അൻവർ സാദത്ത് നോട്ടീസ് നൽകിയിരുന്ന പ്രമേയത്തിന്മേൽ ശ്രീ. എസ്. ശർമ്മ നോട്ടീസ് നൽകിയിട്ടുള്ള ഭേദഗതി ക്രമാനുസൃതമല്ല എന്നതാണ് ചട്ടം 303 പ്രകാരം ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നം. ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സഭയിൽ അവതരിപ്പിക്കുന്ന ഒരു പ്രമേയത്തിന്റെ അന്തസ്സത്തയെ അഥവാ സ്പിരിറ്റിനെ പൂർണ്ണമായും നിരാകരിക്കുന്നതോ ഡിഫീറ്റ് ചെയ്യുന്നതോ അല്ലെങ്കിൽ നെഗറ്റിവൈസ് ചെയ്യുന്നതോ ആയ ഭേദഗതികൾക്കുമാത്രമേ ചട്ടപ്രകാരം അവതരണാനുമതി നിഷേധിക്കാൻ കഴിയുകയുള്ളൂ. അതാണ് നമ്മുടെ കീഴ്‌വഴക്കവും. ഇവിടെ ശ്രീ. എസ്. ശർമ്മ നോട്ടീസ് നൽകിയിട്ടുള്ള ഭേദഗതി, ശ്രീ. അൻവർ സാദത്ത് നോട്ടീസ് നൽകി അവതരിപ്പിച്ച പ്രമേയത്തെ പൂർണ്ണമായും നിരാകരിക്കുന്നതല്ല, അതിന്റെ സ്പിരിറ്റിനെ ചോദ്യം ചെയ്യുന്നതാണെന്നോ വിലയിരുത്താനാകില്ല. പകരം പ്രമേയത്തിന്റെ ഉള്ളടക്കത്തിൽ സാരമായ ചില മാറ്റങ്ങൾ നിർദ്ദേശിക്കുന്നു എന്നുമാത്രമേ കാണാൻ കഴിയുന്നുള്ളൂ. അതിൽ ചട്ടവിരുദ്ധമായി എന്തെങ്കിലുമുള്ളതായി ചെയർ കരുതുന്നില്ല. ശ്രീ. എസ്. ശർമ്മ ഇവിടെ അവതരിപ്പിച്ച ഭേദഗതിക്കെതിരെയുള്ള

ക്രമപ്രശ്നം നിലനിൽക്കുന്നതല്ല എന്ന് റൂൾ ചെയ്യുന്നു.